# യേശുവിനെ ക്രൂശിച്ചത് എപ്പോൾ ?

**വി.** മർക്കോസിൻെറ സുവിശേഷം 15:25-ൽ യേശുവിനെ മൂന്നാം മണിക്കൂറിൽ കുരിശിൽ തറച്ചുവെന്നു നാം വായിക്കുന്നു. വി. യോഹന്നാൻെറ സുവിശേഷത്തിലാകട്ടെ ആറാം മണിക്കൂറിൽ പീലാത്തോസിൻെറ വീട്ടിൽ വച്ചുള്ള വിചാരണ നടക്കുകയാണ് (യോഹ. 19:14). ഈ പൊരുത്തക്കേട് എങ്ങനെ വിശദീകരിക്കും? സുവിശേഷകന്മാരിൽ ആർക്കെങ്കിലും തെറ്റുപറ്റിയിരിക്കുമോ? അല്ലെങ്കിൽ സുവിശേഷങ്ങളുടെ പ്രതികൾ പകർത്തി എഴുതപ്പെട്ടപ്പോൾ പിശകു സംഭവിച്ചതാകുമോ?

യേശുവിൻെറ മരണത്തെക്കുറിച്ചു മത്തായിയുടെയും ലൂക്കായുടെയും സുവിശേഷങ്ങളിൽ കാണുന്ന വിവരണം മർക്കോസിൻെറ സുവിശേഷത്തിലെ വിവരണവുമായി ഒത്തുപോകുന്നു. സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിൻെറ മരണം ഒമ്പതാം മണിക്കൂറിൽ സംഭവിച്ചതായി കാണുന്നു. ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർ വരെ ഭൂമിയിലെങ്ങും അന്ധകാരം വ്യാപിച്ചതായി ഈ സുവിശേഷങ്ങളിൽ വിവരിച്ചിട്ടുണ്ട് (മത്താ.27:45; മർക്കോ.15:33; ലൂക്കാ 23:44). ഇതിനാൽ സമവീക്ഷണ സുവിശേഷങ്ങൾ യോഹന്നാൻെറ സുവിശേഷത്തിൽ നിന്നു വ്യത്യസ്തമായി കാണുന്നു. മർക്കോ.15:25-ം യോഹ.19:14-ം തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുവാൻ പണ്ഡിതന്മാർ പല പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ഗ്രീക്കുഭാഷയിൽ ഏതാണ്ട് ഒരുപോലെയിരിക്കുന്ന മൂന്നും (Gamma) ആറും (Digamma) തമ്മിൽ തെറ്റിദ്ധരിക്കപ്പെട്ടു സുവിശേഷങ്ങൾ പകർത്തിയെഴുതപ്പെട്ടതു മൂലമാണ് ഈ വ്യത്യാസമുണ്ടായതെന്ന് എവുസേബിയൂസ് കരുതി. പിന്നീടു പല പണ്ഡിതന്മാരും ഈ ചരിത്രകാരൻെറ അഭിപ്രായം സ്വീകരിച്ചു. പക്ഷേ, ഈ രീതിയിൽ മർക്കോസും യോഹന്നാനും തമ്മിലുള്ള വ്യത്യാസത്തിൻെറ കാരണം വിശദീകരിക്കുവാൻ സാധ്യമല്ല.

ഈ വ്യത്യാസത്തിനു കാരണം പൗരാണികർ പലവിധത്തിൽ ദിവസം കണക്കുകൂട്ടിയിരുന്നു എന്നുള്ളതാണ്. വി.യോഹന്നാൻെറ സുവിശേഷത്തിൽ കാണുന്ന സമയം റോമാക്കാരുടെ ഇടയിൽ നിലനിന്ന രീതിയിലുള്ള കണക്കുകൂട്ടലനുസരിച്ചുള്ളതാണ്. അവർ ഇന്നു നാം മനസ്സിലാക്കുന്ന രീതിയിൽ ദിവസത്തിൻെറ മണിക്കൂറുകൾ മനസ്സിലാക്കിയിരുന്നു. അതായതു പാതിരാമുതൽ പാതിരാവരെയുള്ള സമയമായിരുന്നു റോമാക്കാരുടെ ഒരു ദിവസം. (സൂര്യോദയം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തെ പൗരാണികർ പന്ത്രണ്ടു തുല്യഭാഗങ്ങളായി വിഭജിച്ച് അവയ്ക്കു മണിക്കൂറുകൾ-horae- എന്നു പേരുകൊടുത്തു). പ്ലീനി (Pliny the elder) എന്ന ചരിത്രകാരൻ ഈ വസ്തുത എടുത്തുകാട്ടുന്നുണ്ട്. പൗരാണിക ഈജിപ്തുകാരും റോമാക്കാരുടെ രീതിയിൽ ദിവസത്തെ കണക്കാക്കിയിരുന്നു. ഏതൻസുകാരും ഹെബ്രായരും സൂര്യാസ്തമയം മുതൽ സൂര്യാസ്തമയം വരെയുള്ള സമയത്തെ ഒരു ദിവസമായി കരുതിയിരുന്നു. (പൗരസ്ത്യറീത്തുകാർ കാനോനനമസ്കാരം ചൊല്ലുമ്പോൾ ഈ രീതിയിലാണ് ദിവസം കണക്കാക്കുന്നത്). ബാബിലോണിയക്കാർ സൂര്യോദയം മുതൽ സൂര്യോദയം വരെയുള്ള സമയം ഒരു ദിവസമായി കരുതിയിരുന്നു. ഉംബ്രിയക്കാർക്ക് (Umbrians) ഒരു ദിവസം മദ്ധ്യാഹ്നം മുതൽ മദ്ധ്യാഹ്നം വരെയുള്ള സമയമായിരുന്നു. മേൽ പ്രസ്താവിച്ചതിൽ നിന്നു റോമാക്കാരുടെ ആറാം മണിക്കൂർ ഹെബ്രായരുടെ ഒന്നാം മണിക്കൂർ ആണെന്നു മനസ്സിലാക്കാം. വിചാരണതീർന്നു യേശുവിനെ കുരിശിൽ തറച്ചതു റോമാക്കാരുടെ ഒമ്പതാം മണിക്കൂറിലും (നമ്മുടെ കണക്കുപ്രകാരം ഒമ്പതു മണി) ഹെബ്രായക്കാരുടെ മൂന്നാം മണിക്കൂറിലുമാണ്. മർക്കോസും മറ്റു സമവീക്ഷണസുവിശേഷകന്മാരും ഹെബ്രായരുടെ രീതിയിൽ ദിവസത്തെ കണക്കാക്കി. യോഹന്നാനാകട്ടെ റോമാക്കാരുടെ രീതിയിൽ ദിവസത്തിൻെറ മണിക്കൂറുകൾ തിട്ടപ്പെടുത്തി. ഇതിനാൽ യോഹന്നാൻെറ സുവിശേഷവും സമവീക്ഷണസുവിശേഷങ്ങളും തമ്മിൽ വൈരുദ്ധ്യമില്ല. യോഹന്നാൻെറ സുവിശേഷം എഴുതപ്പെട്ടതു റോമൻ പ്രവിശ്യയായ ഏഷ്യയുടെ തലസ്ഥാനമായ എഫേസോസിൽ വച്ചാണെന്നു കരുതപ്പെടുന്നു. ഇക്കാരണത്താൽ റോമൻ പൗരന്മാർക്കു സുഗ്രാഹ്യമായ രീതിയിൽ ദിവസത്തിൻെറ മണിക്കൂറുകൾ അദ്ദേഹം കണക്കാക്കി. യോഹന്നാൻെറ സുവിശേഷം12:1-ലും 20:19-ലും റോമൻ രീതിയിൽ ദിവസത്തെ അർദ്ധരാത്രി മുതൽ അർദ്ധരാത്രിവരെ കണക്കാക്കുന്ന സൂചനകളുണ്ട്. സുവിശേഷങ്ങളുടെ അർത്ഥം ആഴമായി അറിയണമെങ്കിൽ അവ എഴുതപ്പെട്ട സാഹചര്യവും അവയുടെ പശ്ചാത്തലവും ശരിക്കു മനസ്സിലാക്കേണ്ടിയിരിക്കുന്നു.